# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 1460 03.12.2015- ൽ മറുപടിക്ക്

## ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പൊതു മരാമത്ത് റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. കെ. എസ്. സലീഖ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ വളരെയധികം ശോചനീയാവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പൊതുമരാമത്ത് റോഡുകൾ ഭാഗികമായി മണ്ഡലം തിരിച്ച് ചെയ്യുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) | നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല പ്രവൃത്തികൾ നടപ്പിലാക്കുന്നത്. തകർന്ന റോഡുകൾ വിവിധ പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കാറുണ്ട്. |
| (സി) | ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, ളുത റോഡ്, ചെർപ്പുളശ്ശേരി - ഒറ്റപ്പാലം റോഡ്, കോതകുറിശ്ശി - വാണിയംകുളം റോഡ്, വാണിയംകുളം - വല്ലപ്പുഴ റോഡ്, പേങ്ങാട്ടിരി - കൊപ്പം റോഡ് എന്നീ പൊതുമരാമത്ത് റോഡുകളിലൂടെയുള്ള കാൽനട പോലും വളരെയധികം ബുദ്ധിമുട്ടാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഡി) യും (ഇ) യും | നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ് ആകെ കി.മി. 0/000 മുതൽ 17/049 വരെയാണ്. അതിൽ തകർന്ന ഭാഗം (കി.മി. 0/000 മുതൽ 8/000 വരെ) ബി.എം & ബി.സി പ്രവൃത്തി ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന കി.മി. 8/000 മുതൽ 17/049 വരെയുള്ള ഭാഗത്ത് പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പേങ്ങാട്ടിരി - കൊപ്പം റോഡ് ആകെ കി.മി. 0/000 മുതൽ 10/600 വരെയാണ്. അതിൽ തകർന്ന ഭാഗം (കി.മി. 0/000 മുതൽ 7/400 വരെ) ലഭ്യമായ ഫണ്ടുപയോഗിച്ച് ബി.എം & ബി.സി പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| (ഇ) | ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, പേങ്ങാട്ടിരി - കൊപ്പം റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ചെയ്യുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ